II.ഇ.ബി. XIII-കേരള നിയമസഭ/I-8

**പതിമൂന്നാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2011 ജൂലൈ 14, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**24(* 211)** മെഡിക്കൽ കോളേജുകളിൽ ഗവേഷണത്തിനുള്ള സൗകര്യങ്ങൾ

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഗവേഷണത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ടെന്നും ഇതിനായി വർഷംതോറും സ്റ്റേറ്റ് മെഡിക്കൽ റിസർച്ച് ബോർഡ് ലഭ്യമാക്കുന്ന ഗ്രാന്റ് തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, തൃശ്ശൂർ, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകൾക്കായി 2:2:1:1:1 എന്ന അനുപാതത്തിൽ വിനിയോഗിക്കുന്നുണ്ടെന്നും ഗ്രാന്റിനത്തിൽ ഏകദേശം ഒന്നരക്കോടി രൂപയോളം ലഭ്യമായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഗവേഷണം നടത്തുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനായി വിവിധ മേഖലകളിൽനിന്നും കൂടുതൽ ഫണ്ട് കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഗവേഷണത്തിന് മേൽനോട്ടം വഹിക്കുന്നതിനായി ഓരോ മെഡിക്കൽ കോളേജിലും എത്തിക്സ് കമ്മിറ്റികളും ഇൻസ്റ്റിറ്റ്യൂഷണൽ റിസർച്ച് കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നു. ഇൻസ്റ്റിറ്റ്യൂഷണൽ

റിസർച്ച് കമ്മിറ്റിയിൽ ലഭ്യമാക്കുന്ന റിസർച്ച് പ്രോജക്ടുകൾ അപഗ്രഥനം ചെയ്തശേഷം ഓരോ ഡോക്ടർക്കും അനുവദനീയമായ തുക നൽകി വരുന്നുണ്ട്. നാഷണൽ മിഷൻ ഓൺ എജ്യൂക്കേഷൻ ത്രൂ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി ഏർപ്പെടുത്തിയതുവഴി മെഡിക്കൽ കോളേജുകളിലെ മിക്ക ഡിപ്പാർട്ട്മെന്റുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്ത് ക്ലിനിക്കൽ നോൺ ക്ലിനിക്കൽ വിഭാഗങ്ങളി ലായി നടന്നുകൊണ്ടിരിക്കുന്ന 97 ഗവേഷണ പ്രോജക്ടുകളുടെ പേപ്പറുകൾ ഗവേഷണം പൂർത്തിയാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതും അവയുടെ ഇവാല്യുവേഷൻ കാലതാമസം കൂടാതെ നടത്തുന്നതുമാണ്. മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ ഗവേഷണ പരിപാടികൾക്ക് വിഘ്നം വരാതിരിക്കുന്നതിനും അവരുടെ പ്രബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനും അന്താരാഷ്ട്ര നിലവാരമുള്ള പുസ്തകങ്ങളുടെയും ജേർണലുകളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നോബൽ സമ്മാന ജേതാക്കൾ ഉൾപ്പെടെയുള്ള വിദഗ്ദ്ധരുടെ ഗവേഷണ ഫലങ്ങൾ സംസ്ഥാനത്തിന് പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള നടപടികളുമായി മുന്നോട്ടു പോകുന്നതാണ്. 2009-2010 കാലയളവുവരെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ടായിരുന്ന എം.ഫിൽ എപ്പിഡ മോളജി കോഴ്സ് സിലബസും പ്രോസ്പെക്ടസും അംഗീകരിച്ചശേഷം നിറുത്തിവയ്ക്കുവാനുണ്ടായ സാഹചര്യത്തെപ്പറ്റി അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് അനവധി പുതിയ രോഗങ്ങൾ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ അലോപ്പതി രംഗത്തെ വിവിധ ഇൻസ്റ്റിറ്റ്യൂട്ടുകളെ സംയോജിപ്പിച്ചുകൊണ്ട് ഗവേഷണം നടത്തുന്നതിനെ

ക്കുറിച്ചും അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ വിഭാഗങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഗവേഷണ നയം രൂപീകരിക്കുന്നതിനെ ക്കുറിച്ചും ലോകത്തിനുതന്നെ മാതൃകയാകുന്ന രീതിയിൽ ഒരു ഗവേഷണ കൗൺസിൽ രൂപീകരിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിനെ അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ സ്ഥാപനമാക്കി മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും കോഴിക്കോട് മെഡിക്കൽ കോളേജിൽ ഗാമാ ക്യാമറ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടി യായി മന്ത്രി അറിയിച്ചു.

**25(*212)** <u>അനധികൃതമായി ജലം വിൽക്കുന്ന സംഘങ്ങൾ</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) നൽകിയ മറുപടി യിൽ, ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തുന്ന സംഘങ്ങളെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ജലസ്രോതസ്സുകളിൽ നിന്നും അനുമതിയില്ലാതെ ഭൂജലം ചൂഷണം ചെയ്ത് ലാഭമുണ്ടാക്കുന്ന പ്രവണത അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ജലചൂഷണം തടയുന്നതിനായി 2003-ലെ കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ ആക്ടും അതിന്മേലുണ്ടായിട്ടുള്ള ഭേദഗതികളും വഴി ലഭിച്ച അധികാരങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പുറമെ 2002-ലെ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ടിൽ നിയമഭേദഗതികൾ വരുത്താനുള്ള ശുപാർശകളും പരിഗണനയിലാണ്. ടാങ്കർ ലോറികളിലെത്തിക്കുന്ന ജലത്തിന്റെയും കുപ്പിവെള്ളത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിന് കർശന നടപടി സ്വീകരിക്കുന്നതാണ്. ടാങ്കർ ലോറി ഉടമകൾക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്ന

തിനും ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിനായി ഫ്ളാറ്റുകളിലും വീടുകളിലും മഴവെള്ള സംഭരണി നിർമ്മിക്കുന്നതിനും നിർദ്ദേശം നൽകുന്നതാണ്. ചിറ്റൂരിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആർ.ബി. കനാൽ നീട്ടുന്ന കാര്യം അടിയന്തിരമായി പരിഗണിക്കുന്നതാണ്. കാലപ്പഴക്കമുള്ളതും ഗുണനിലവാരമില്ലാത്തതുമായ പൈപ്പുകൾ മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും മെയിന്റനൻസ് ഗ്രാന്റിനത്തിലുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

26(*152) **<u>പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകാൻ പദ്ധതി</u>**

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ജയലക്ഷ്മി) നൽകിയ മറുപടിയിൽ, അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് വിവിധ തൊഴിൽ മേഖലകളിൽ തൊഴിൽ നേടികൊടുക്കുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് പൊതു-സ്വകാര്യ മേഖലകളിൽ ഉയർന്ന തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിന് കോഴിക്കോട് പ്രവർത്തിച്ചുവരുന്ന സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (CREST)-ൽ പോസ്റ്റ് ഗ്രാഡുവേറ്റ് സർട്ടിഫിക്കറ്റ് ഫോർ പ്രൊഫഷണൽ ഡവലപ്പ്മെന്റ് എന്ന കോഴ്സ് നടത്തുന്നുണ്ട്. സർക്കാരിന്റെയും പൊതുമേഖലാസ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ നടത്തുന്ന ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി, അപ്പാരൽ ട്രെയിനിംഗ്

ആന്റ് ഡിസൈനിംഗ് മുതലായ കോഴ്സുകളിൽ പരമാവധി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം ലഭ്യമാക്കി തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചുവരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.സി.കളിലെ നിലവിലുള്ള കോഴ്സുകൾ കാലോചിതമായി പരിഷ്ക്കരിച്ച് കൂടുതൽ ജോലി സാദ്ധ്യതയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. വിവിധ വകുപ്പുകളിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്ന കാര്യത്തിൽ നയപരമായ തീരുമാനം ആവശ്യമാണെന്നും പട്ടിക വർഗ്ഗ വിഭാഗത്തിൽനിന്ന് തൊഴിൽസംരംഭകരെ കണ്ടെത്തുന്ന അവസരത്തിൽ സർക്കാരിന്റെ തൊഴിൽ സംരംഭക മിഷൻ പദ്ധതിയിൽ താല്പര്യം പ്രകടിപ്പിച്ചുവരുന്ന യുവാക്കൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1767 മുതൽ 2041 വരെയുള്ള ചോദ്യങ്ങളിൽ 96 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)